**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1475** **11-09-2023 - ൽ മറുപടിയ്ക്ക്**

**സി.ബി.എസ്.ഇ. സിലബസിലെ മാറ്റങ്ങളും തുടർ നടപടികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യൻ ചരിത്രത്തിലെ നിർണായക സംഭവങ്ങൾ ഒഴിവാക്കിക്കൊണ്ട് എൻ.സി.ഇ.ആർ.ടി. പന്ത്രണ്ടാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>ഇന്ത്യാ ചരിത്രത്തിലെ പ്രമേയങ്ങൾ എന്ന രണ്ടാം വർഷ ചരിത്ര പാഠപുസ്തകത്തിലെ King and chronicles, understanding partitionഎന്നീ പ്രമേയങ്ങളും ലോകചരിത്രത്തിലെ പ്രമേയങ്ങൾ എന്ന പ്ലസ് വൺ ചരിത്ര പാഠപുസ്തകത്തിൽ നിന്നും From the Beginning of Time, The Central Islamic Lands, Confrontation of Cultures, The Industiral Revolution എന്നീ പ്രമേയങ്ങളും ഒഴിവാക്കി. |
| (ബി) | ഈ സാഹചര്യത്തിൽ കേരളം പിന്തുടരുന്ന മതനിരപേക്ഷവും സാമൂഹികനീതിയിൽ അധിഷ്ഠിതവുമായ വിദ്യാഭ്യാസമാതൃക വിശദമാക്കുമോ; | (ബി) | എസ്.സി.ഇ.ആർ.ടി പുറത്തിറക്കുന്ന എല്ലാ പാഠപുസ്തകങ്ങളിലും ' സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും മതനിരപേക്ഷത വളർത്തുന്നതിനും വേണ്ടിയുള്ള ആശയങ്ങൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിലും ഈ ആശയങ്ങൾക്ക് പ്രഥമ പരിഗണനയാണ് നൽകുന്നത്. |
| (സി) | സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതുക്കിയ പാഠ്യ പദ്ധതിയിൽ സി.ബി.എസ്.ഇ. സിലബസ് പ്രകാരം കേന്ദ്രസർക്കാർ ഒഴിവാക്കിയ ചരിത്ര പാഠങ്ങളും ശാസ്ത്ര പാഠങ്ങളും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. റാഷണലൈസേഷന്റെ ഭാഗമായി പ്ലസ് വൺ.,പ്ലസ് ടു ക്ലാസുകളിൽ എൻ.സി.ഇ.ആർ.ടി ഒഴിവാക്കിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി പകരം എസ്.സി.ഇ.ആർ.ടി. പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലേക്ക് അഡീഷണൽ ടെക്സ്റ്റ് ബുക്കുകൾ, ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സാമ്പത്തികശാസ്ത്രം. സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ തയ്യാറാക്കിയിട്ടുണ്ട്. പുതിയ പാഠ്യപദ്ധതിയിൽ സി.ബി.എസ്.ഇ സിലബസ് പ്രകാരം കേന്ദ്ര സർക്കാർ ഒഴിവാക്കിയ ചരിത്രപാഠങ്ങളും, ശാസ്ത്രപാഠങ്ങളും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ സി.ബി.എസ്.ഇ. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ ഇന്ത്യയുടെ | (ഡി) | സി.ബി.എസ്.ഇ സിലബസ് തയ്യാറാക്കുന്നത് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ |

| | | | |
|---|---|---|---|
| | യഥാർത്ഥ ചരിത്രം പഠിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | | വരുന്നതല്ല. |

സെക്ഷൻ ഓഫീസർ